**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കുട്ടംപേരൂർ ആറിന്റെ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇരുകരകളിലും നിർമ്മിച്ചിട്ടുള്ള ബണ്ടുകളിൽ പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് വൃക്ഷത്തൈകൾ നട്ട പരിപാടിക്ക് ചെലവായ തുക തനത് ഫണ്ടിൽ നിന്നും അനുവദിയ്ക്കുന്നതിന് പ്രത്യേക അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1799/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 21/08/2019**

---

പരാമർശം:-1. ബുധനൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 1.6.2019ൽ നടന്ന മീറ്റിംഗിലെ 111(1)-ാം നമ്പർ തീരുമാനം.

2.ബുധനൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന്റെ 17/6/19-ലെ BDHNR/GP/P-045/19 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കുട്ടംപേരൂർ ആറിന്റെ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇരുകരകളിലും നിർമ്മിച്ചിട്ടുള്ള ബണ്ടുകളിൽ പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് അയ്യായിരത്തോളം വൃക്ഷതൈകൾ നടുകയുണ്ടായി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നടത്തിയ ഈ ചടങ്ങിൽ അയ്യായിരത്തോളം ആളുകൾ പങ്കെടുക്കുകയും, മൈക്ക് അനൗൺസ്മെന്റ്, മൈക്ക് സെറ്റ് വാടക, ബോട്ടിന്റെ വാടക, സ്റ്റേജ് തുടങ്ങിയവയ്ക്കായി 50,000/-ത്തിലധികം രൂപ ചെലവു വരുകയും ചെയ്തു. ടി സാഹചര്യത്തിൽ, അമ്പതിനായിരത്തിലധികരിക്കാത്ത തുക ചെലവ് ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് പരാമർശം 1 ലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 2ലെ കത്തുപ്രകാരം പഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരിയ്ക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കുട്ടംപേരൂർ ആറിന്റെ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജൂൺ 5 ന് വൃക്ഷത്തൈകൾ നട്ട പരിപാടിക്ക് ചെലവായ 50,000/-രൂപ ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിയ്ക്കുന്നിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

പ്രസിഡന്റ്/സെക്രട്ടറി, ബുധനൂർ ഗ്രാമ പഞ്ചായത്ത് , ആലപ്പുഴ

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

Chairman, IKM.

ഉത്തരവിൻ പ്രകാരം,

Renoola

സെക്ഷൻ ഓഫീസർ.